**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2135** **30-09-2025 - ൽ മറുപടിയ്ക്ക്**

**നിരപരാധിയെ വ്യാജതെളിവുണ്ടാക്കി കേസിൽപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | അമ്പലപ്പുഴ പുറക്കാട് ഒറ്റപ്പന സ്വദേശിനിയായ മധ്യവയസ്കയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് നിരപരാധിയായ വ്യക്തിയെ അറസ്റ്റ് ചെയ്ത് മാനസിക പീഡനത്തിന് ഇരയാക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) | അമ്പലപ്പുഴ ഒറ്റപ്പന ഭാഗത്ത് തനിച്ച് താമസിച്ച് വന്നിരുന്ന റംലത്ത് എന്നയാളെ കൊലപ്പെടുത്തിയ സംഭവത്തിലേക്ക് അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നം. 1463/2025 U/s 331(8), 331(4), 332 (a), 311, 309 (6), 103 (1), 64, 3 (5) BNS പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതാണ്. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കൃത്യവിലോപം ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | നിരപരാധിയെ കേസിൽ കുടുക്കുന്നതിനുവേണ്ടി വ്യാജ തെളിവുകൾ സൃഷ്ടിച്ച് ഗുരുതര കൃത്യവിലോപം നടത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കേസിൽ യഥാർത്ഥ പ്രതികളെ പോലീസ് പിടികൂടിയിട്ടുണ്ടോ; നിരപരാധിയെ കൊലക്കുറ്റത്തിൽ പ്രതിയാക്കി പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ